മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
*ഫോൺ:* 0481-2733370

## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 19**

---

## സംരംഭകത്വ വികസനം; ഫാക്കൽറ്റി ഡവലപ്മെൻറ് പരിപാടി 25 മുതൽ

*ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ വിഭാവനം ചെയ്യുന്ന സംരംഭകത്വ വികസന അന്തരീക്ഷം ഒരുക്കുന്നതിന് ഉപകരിക്കുന്ന ഫാക്കൽറ്റി ഡവലപ്മെൻറ് പ്രോഗ്രാം സെപ്റ്റംബർ 25 മുതൽ 29 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും.*

*സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻററാണ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, കേരള സ്റ്റാർട്ടപ്പ് മിഷൻ, സർവകലാശാലാ കോളജ് ഡവലപ്മെൻറ് കൗൺസിൽ എന്നിവയുടെ സഹകരണത്തോടെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.*

*രസതന്ത്രത്തിനുള്ള നൊബേൽ സമ്മാനം നേടിയ ഇസ്രയേലി ശാസ്ത്രജ്ഞ അഡാ ഇ. യോനാത്ത് സെപ്റ്റംബർ 25ന് പരിപാടിയുടെ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കും. സംസ്ഥാനത്തെ സർവകലാശാലാശാകളിലെയും കോളജുകളിലെയും അധ്യാപകർക്ക് പങ്കെടുക്കാം. താമസം ഒഴികെ 5000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.*

*പങ്കെടുക്കാൻ താത്പര്യമുള്ളവർ* https://bit.ly/FDP-biicmgu *എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം.*

*(പി.ആർ.ഒ/39/842/2024)*

## വൈവ വോസി

*ഓഫ് കാമ്പസ് എൽഎൽഎം (ആനുവൽ/സെമസ്റ്റർ സ്കീം സപ്ലിമെൻററി, മെഴ്സി ചാൻസ് ജനുവരി 2023) പരീക്ഷയുടെ വൈവ വോസി പരീക്ഷ ഒക്ടോബർ എട്ടിന് രാവിലെ പത്തിന് കാണക്കാരി സി.എസ്.ഐ കോളജ് ഫോർ ലീഗൽ സ്റ്റഡീസിൽ നടക്കും.*
*(പി.ആർ.ഒ/39/843/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ